LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്.

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം ഉള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചെറുപുഴ പോലീസ് സ്റ്റേഷൻ

226 (2054) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്നും ഏതെല്ലാം പ്രദേശങ്ങളാണ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 212/2015/ആഭ്യന്തരം തീയതി 29-9-2015 പ്രകാരം ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തളിപ്പറമ്പാ താലൂക്കിലെ വയക്കര വില്ലേജിനു കീഴിൽ വരുന്ന കോലുവള്ളി, വ്യാളായി, തട്ടുമ്മൽ, മച്ചിയിൽ, കുക്കയംചാൽ, മണ്ണാക്കാട്, ചെറുപുഴ, കുണ്ടറക്കാണം, കുണ്ടംതാടം എന്നീ പ്രദേശങ്ങളും തിരുമേനി വില്ലേജിലെ താബോർ, ചട്ടിവയൽ, തിരുമേനി, മുതുവം, കൊക്കടവ്, പ്രാപ്പോയിൽ, കോരാളി, പോക്കിരിമുക്ക്, മുരുത്തംപോടി, കുണ്ടേരി, പേരുവട്ടം, ഇയ്യാംകല്ല്, മുളപ്പാറ, പരുത്തിക്കല്ല്, പാറോത്തുംനീര് എന്നീ പ്രദേശങ്ങളും പുളിംഗോം വില്ലേജിലെ രാജഗിരി, കാനംവയൽ, ജോസ്ഗിരി, ഇടവരമ്പ്, കോഴിച്ചൽ, മീൻതുള്ളി, പൊൻപുഴ, കാരിയക്കര, ചുണ്ട, മരുത്തുംതട്ട്, ഉമയംചൽ, പുളിംഗോം, വാഴക്കുണ്ടം, കോട്ടത്തലാച്ചിമല, സൂര്യഗിരി, ചൂരപടവ്, കുമ്പാങ്കുന്ന്, ചേനാട്ട് കൊല്ലി എന്നീ പ്രദേശങ്ങളുമാണ് ഈ പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ടി പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതായുണ്ട്. ഇതിനായുള്ള കരട് വിജ്ഞാപനം വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.